**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ബദൽ ഉപജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ.എൻ.ഷംസീർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നീല സമ്പദ് വ്യവസ്ഥയെന്ന പേരിൽ തീരക്കടൽ മത്സ്യബന്ധന അനുമതിയിലും കടന്നുകയറ്റം നടത്താൻ പോകുന്നതായുള്ള വാർത്ത മത്സ്യത്തൊഴിലാളികളെ ആശങ്കയിലാഴ്ത്തിയെന്ന കാര്യം പരിശോധിച്ചിരുന്നോ; | (എ) | കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച നീല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും 20/09/2021 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. രാജ്യത്ത് നടപ്പിലാക്കുന്ന നീല സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശിപാർശകൾ പരിഗണിക്കുമ്പോൾ തീരപ്രദേശങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഏക ഉപജീവന മാർഗ്ഗമായ കടലും മത്സ്യബന്ധന വിഭവങ്ങളും അവയിൻമേലുള്ള അവകാശങ്ങളും സംരക്ഷിക്കുന്നുവെന്ന് അന്തിമ നയ ചട്ടക്കൂടിൽ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. |
| (ബി) | തീരദേശ മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യ നിർമ്മാർജനത്തിന് സംസ്ഥാന സർക്കാർ നടത്തുന്ന ക്ഷേമ, വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളി കളുടെ ആളോഹരി പ്രതിശീർഷ വരുമാനം. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ബദൽ ഉപജീവന പദ്ധതി ഉൾപ്പെടെ വിവിധങ്ങളായ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ബദൽ ഉപജീവന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളി കളുടെ ആളോഹരി പ്രതിശീർഷ വരുമാനം. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ബദൽ ഉപജീവന പദ്ധതി ഉൾപ്പെടെ വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

I) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(1) സമ്പാദ്യ സമാശ്വാസ പദ്ധതി

പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ വീതം അനുവദിക്കുന്നു.

(2) ഭവന പദ്ധതി

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 15603 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016- 17 മുതൽ വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3561 പേരെ ഭവനനിർമ്മാണ ധനസഹായത്തിന് പരിഗണിച്ചതിൽ 3041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016- 17 മുതൽ വിവിധ പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി 1854 പേരെ പുനരധിവസിപ്പിക്കുന്നതിൽ പരിഗണിച്ചതിൽ 1429 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 1194 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

കൂടാതെ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ, കാരോട് 128 ഫ്ലാറ്റുകൾ, ബീമാപ്പള്ളി 20 ഫ്ലാറ്റുകൾ, പൊന്നാനി 128 ഫ്ലാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികൾക്ക് കൈമാറിയിട്ടുണ്ട്.

നിലവിൽ ഭൂമിയുള്ള ഭവനരഹിതരായതും, ഭൂരഹിത ഭവന രഹിതരായവരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും, സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റും ഭൂരഹിത ഭവന രഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ഇതിൽ ഭവന രഹിതരായ 3447 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 1325 പേർ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1283 ഭൂരഹിത ഭവന രഹിതർ ലൈഫ് മിഷൻ പരിശോധനയിൽ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(3) <u>തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതി</u>

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8235 കുടുംബങ്ങളിൽ 3313 പേർ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 1435 ഗുണഭോക്താക്കൾ പദ്ധഥി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുമുണ്ട്.

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ, കാരോട് 128 ഫ്ലാറ്റുകൾ, ബീമാപ്പള്ളി 20 ഫ്ലാറ്റുകൾ, പൊന്നാനി 128 ഫ്ലാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികൾക്ക് കൈമാറിയിട്ടുണ്ട്. മണ്ണുംപുറം 228 ഫ്ലാറ്റുകൾ, Q.S.S കോളനി 114 ഫ്ലാറ്റുകൾ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

കൂടാതെ കാരോട് 24 ഫ്ലാറ്റുകൾ, വലിയതുറ 192 ഫ്ലാറ്റുകൾ, പൊന്നാനി 100 ഫ്ലാറ്റുകൾ, നിറമരുതൂർ 16 ഫ്ലാറ്റുകൾ, വെസ്റ്റ് ഹിൽ 80 ഫ്ലാറ്റുകൾ, കൊയ്യാടി 144 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

4.<u>വിദ്യാഭ്യാസ സഹായ പദ്ധതിക</u>ൾ

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽ കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മത്സ്യ വകുപ്പ് സ.ഉ (എം.എസ്) 47/14/മ.തു.വ തീയതി 09/06/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും നടപടി ക്രമങ്ങൾക്കും വിധേയമായിട്ടാണ്, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ടി സർ ക്കാർ ഉത്തരവ് പ്രകാരം നൽകി വരുന്നത്. +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാൻറ്, സ്റ്റൈപൻറ്, പോക്കറ്റ് മണി, മെസ്സ് ചാർജ്ജ് തുടങ്ങിയവ അർഹതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം എസ് സി/എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകി വരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യത്തിനായി 32.21 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം നൽകി വരുന്നു. 2015-16 മുതൽ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 331 പേരിൽ 54 പേർക്ക് എം.ബി.ബി.എസ് നും 95 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പ്രോഗ്രാമും, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19 -ൽ 11 പേർക്കും 2019-20 ൽ 13 പേർക്കും 2020-21 ൽ 14 പേർക്കും 2021-22 ൽ 13 പേർക്കും പഠനാവശ്യങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വിദ്യാതീരം പദ്ധതി നടപ്പിലാക്കുന്നതിനായി 13 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19 ൽ 53.75 ലക്ഷം രൂപയും 2019-20 ൽ 55.1 ലക്ഷം രൂപയും 2020-21 ൽ 45 ലക്ഷം രൂപയും 2021- 22 ൽ 50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കി വരുന്നു.

## 5. <u>മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ്</u>

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2018-19 -ൽ 647, 2019-20 ൽ 856, 2020-21 ൽ 924, 2021-22 ൽ 2758 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും സൗജന്യമായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

## 6. <u>സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.</u>

2018-19 മുതൽ 2021-22 വരെ കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 2638 ജിപി എസു കളും 1232 ലൈഫ്ബോയെകളും, 64 DAT എന്നിവ 75% സബ്സിഡിയോടു കൂടി മത്സ്യത്തൊളിലാളികൾക്ക് നൽകിയിട്ടുണ്ട്. 2022-23 പദ്ധതിയിൽ കടൽ സുരക്ഷാ ഉപകരണങ്ങൾക്കായി 75 % സബ്സിഡിയോടുകൂടി നൽകുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 7. <u>ഓഖി പുനരധിവാസ പദ്ധതികൾ</u>

മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നതിന് സഹായകമായ "നാവിക്" ഉപകരണങ്ങൾ 941 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ 168 എണ്ണം വിതരണം ചെയ്തു. 120 എഫ് ആർ പി ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പൂർത്തീകരണ

ഘട്ടത്തിലാണ്. ഇത് കൂടാതെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്കാഡുകൾ രൂപീകരിച്ചു വരുന്നു. ഇതിനകം 719 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. കടൽ രക്ഷാ പ്രവർത്തനത്തിനായി 3 മറൈൻ ആംബുലൻസുകൾ 18.24 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം ഉറമുഖ പ്രദേശത്ത് ഒരു ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും ആരംഭിക്കുന്നതിന് സ.ഉ. (കൈ) നം. 10/2019/മഇവ തീയതി 06/03/2019 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള തീരദേശ വികസന കോർപ്പറേഷനാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതി നടപ്പിലാക്കി വരുന്നു. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19 ൽ 53.75 ലക്ഷം രൂപയും 2019-20 ൽ 55.1 ലക്ഷം രൂപയും 2020-21 ൽ 45 ലക്ഷം രൂപയും , 2021-22 ൽ 50 ലക്ഷം രൂപയും ആനുവദിച്ച് നൽകിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്നതിന് 7.41 കോടി രൂപ അനുവദിക്കുകയും അതിൽ മാറി താമസിക്കാൻ സന്നദ്ധരായ 20 പേർ സ്ഥലം രജിസ്റ്റർ ചെയ്തു ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 11 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.

8. 2020-21 കാലാവസ്ഥ മുന്നറിയിപ്പ് , കോവിഡ് എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ അനുവദിച്ചു.

9. 2021-22 ൽ ടൗട്ടെ ചുഴലിക്കാറ്റിന്റെ തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിന്റെ ഭാഗമായി തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട കടൽ മത്സ്യതൊഴിലാളി , അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് 1200 രൂപ വീതം നൽകുന്നതിനായി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെ തുടർന്ന് കടലിൽ പോകുന്നതിനു വിലക്കേർപ്പെടുത്തിയത് മൂലം തൊഴിൽ നഷ്ടപെട്ട മത്സ്യതൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,000/- രൂപ വച്ച് ധന സഹായം നല്കാൻ 47.84 കോടി രൂപ അനുവദിച്ചു.

10. കോവിഡ്-19 വ്യാപനം (രണ്ടാം തരംഗം) കാരണമുണ്ടായ തൊഴിൽ നഷ്ടം മൂലമുള്ള സാമ്പത്തിക നഷ്ടം ലഘൂകരിക്കുന്നതിന് ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും 1000/- രൂപ വീതം ഒറ്റത്തവണ സഹായം നൽകി .ഇതിനായി മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത 324742 മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളികൾക്കായി 32 .47 കോടി രൂപ അനുവദിച്ചു.

**II. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

**1985 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ട് (1985 ലെ 30-ാം വകുപ്പ് പ്രകാരം** നിലവിൽ വന്ന മത്സ്യബോർഡ് മത്സ്യത്തൊഴിലാളികൾ, മത്സ്യ അനുബന്ധത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കായി 26 ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യമേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനായി മത്സ്യബോർഡ് മുഖേന ബോർഡ് അംഗങ്ങൾക്ക് തണൽ പദ്ധതി (1350/- രൂപ വീതം) നടപ്പാക്കിവരുന്നു. . ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ കീഴിലായി അംഗങ്ങൾക്ക് ധനസഹായം 10,12,500/- രൂപ വരെ നൽകി വരുന്നു. കൂടാതെ തീരോന്നതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മത്സ്യബോർഡിൽ അംഗങ്ങളായവർക്ക് മാരകരോഗങ്ങൾക്ക് തുടർ ചികിൽസയ്ക്ക് ധനസഹായം നൽകുന്നതിന് തീരാരോഗ്യം പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കായി മത്സ്യബോർഡ് നടപ്പാലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>മത്സ്യത്തൊഴിലാളി വിഭാഗം</u>**

1. **<u>ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി</u>**

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിൻറെ നന്മയ്ക്കും വേണ്ടി പണിയെടുക്കുവാൻ ബാദ്ധ്യസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. 07.12.2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷുർ ചെയ്തിട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയം തുക പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നത്.

17.12.2017 മുതൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് / അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും.

| | |
|---|---|
| അപകട മരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5,000/- രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിത്സയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| ശവസംസ്കാര ചെലവ് | 2,500/- രൂപ |

2. **<u>മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം</u>**

മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്

3. **<u>വിവാഹ ധനസഹായ പദ്ധതി</u>**

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 10,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹത്തിനു ശേഷം 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ (മാര്യേജ് സർട്ടിഫിക്കറ്റ്) സഹിതം ഫിഷറീസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4. **<u>പെൻഷൻ</u>**

വാർദ്ധക്യകാലത്ത് വരുമാനമാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നിലവിൽ 1600/- രൂപ നൽകുന്നു.

5. **<u>മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.</u>**

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 600/- രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ അച്ഛൻ, അമ്മ, ഭാര്യ/ഭർത്താവ്, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

6. **<u>മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി</u>**

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

7. **<u>എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്</u>**

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനാണ് ഈ പദ്ധതി തയ്യറാക്കിയിട്ടുള്ളത്.

**ക്യാഷ് അവാർഡ് തുക .:-**

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് – 5,000/- രൂപ
2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് – 4,000/- രൂപ
3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് – 3,000/- രൂപ
4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് – 3,000/- രൂപ

(ഓരോ സ്കൂളിലേയും) ക്യാഷ് അവാർഡിനുപുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും, മൊമെന്റോയും നൽകുന്നതാണ്.

8. **കുടുംബ സംവിധാന പദ്ധതി**

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷാ ചിലവുകൾക്കായി 500 രൂപയാണ് ധനസഹായമായി നൽകുന്നത്.

9. **മാരകരോഗ ചികിൽസാ പദ്ധതി**

മാരകരോഗങ്ങൾ പിടിപ്പെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ ചികിത്സയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും:-**

| | | | |
|---|---|---|---|
| 1. | ഹൃദ്രോഗം | പരമാവധി | 50,000/- രൂപ |
| 2. | വൃക്കരോഗം | പരമാവധി | 50,000/- രൂപ |
| 3. | ക്യാൻസർ | പരമാവധി | 50,000/- രൂപ |
| 4. | തലച്ചോറിലെ ട്യൂമർ | പരമാവധി | 50,000/- രൂപ |
| 5. | തളർവാതം | പരമാവധി | 12,000/- രൂപ |
| 6. | ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | 5,000/- രൂപ |

മേൽ പറഞ്ഞ രോഗങ്ങളിൽ ഹൃദ്രോഗം, മാനസിക രോഗം, തലച്ചോറിലെ ട്യൂമർ എന്നിവയ്ക്ക് മാത്രമാണ് 2021-22 മുതൽ ബോർഡിൽ നിന്നും ധനസഹായം നൽകി വരുന്നത്.

10. **തീരാരോഗ്യം/ സാന്ത്വനതീരം**

താഴെ പറഞ്ഞിരിക്കുന്ന രോഗങ്ങൾക്ക് തുടർ ചികിത്സയ്ക്ക് ധനസഹായം നല്കുന്നതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം തീരാരോഗ്യം പദ്ധതി നടപ്പാക്കിയിരുന്നു. ഇതിലേയ്ക്കായി 150 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 178 ഗുണഭോക്താക്കൾക്ക് 40,46,055/- രൂപ അനുവദിച്ചിട്ടുണ്ട്. 2022-23 വർഷം ടി പദ്ധതിക്ക് സാന്ത്വനതീരം എന്ന പേരിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും:-**

1. Open Heart surgery കഴിഞ്ഞുള്ള ചികിത്സ 5,000/- രൂപ
2. ഡയാലിസിസ് 50,000/- രൂപ
3. കരൾ രോഗം 20,000/- രൂപ
4. ക്യാൻസർ 50,000/- രൂപ
5. തളർവാതം/ കിടപ്പുരോഗികൾ 20,000/- രൂപ

6, മത്സ്യത്തൊഴിലാളികളുടെ ഓട്ടിസം/ ഭിന്നശേഷിയുള്ള കുട്ടികളുടെ ചികിത്സ 10,000/- രൂപ.

7. ഗർഭാശയ സംബന്ധമായ രോഗങ്ങൾ 10,000/- രൂപ

**11. ചെയർമാൻസ് റിലീഫ് ഫണ്ട്**

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽ കുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ളരക്ഷാ പ്രവർത്തനങ്ങളിലേർ

പ്പെട്ട് പരിക്കുപറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേ നായ എന്നിവ കടിച്ചതു മൂലവും; തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിത്സ വേണ്ടിവരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500/- രൂപ മുതൽ പരമാവധി 5000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

12. **<u>ബോർഡിന്റെ പ്രത്യേക ധനസഹായം</u>**

ദുരിതമനുഭവിയ്ക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിയ്ക്കുന്നു.

13. **<u>പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി</u>**

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്ത്യുന്മുഖ മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായമായി. 750/- രൂപ വീതം നൽകി വരുന്നു.

14. **<u>ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി</u>**

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി ഹയർ സെക്കൻററി(+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ഈ പദ്ധതി പ്രകാരമുള്ള പ്രോത്സാഹന ധനസഹായം നൽകി വരുന്നു.

15. **<u>ബോധവൽക്കരണ പരിപാടി</u>**

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി സംസ്ഥാന ഫിഷറീസ് വകുപ്പും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴി ലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണിത്.

16. **<u>വിധവാ പെൻഷൻ</u>**

മത്സ്യത്തൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്തശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ ഒരു ഗഡുപോലും വാങ്ങുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 01.04.2019 മുതൽ 1100/- രൂപയിൽ മുതൽ നിന്ന് 1200/- രൂപയായും, 01.04.2020 മുതൽ 1300/- രൂപയായും 01.09.2020 മുതൽ 1400/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 01.02.2021 മുതൽ 1500/- രൂപയായും, 01.04.2021 മുതൽ 1600/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

17. **<u>കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി</u>**

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും, മൊമെൻറോയും നൽകുന്നു.

എ) ദേശീയതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 10,000 രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 8,000 രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 5,000 രൂപ

സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് : 5,000 രൂപ

ബി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 8,000 രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 5,000 രൂപ
മൂന്നാം സ്ഥാനം നേടുന്നവർക്ക് : 3,000 രൂപ

സി) സംസ്ഥാന തലത്തിൽ
ഒന്നാം സ്ഥാനം നേടുന്നവർക്ക് : 5,00 രൂപ
രണ്ടാം സ്ഥാനം നേടുന്നവർക്ക് : 3,000 രൂപ
മൂന്നാം സ്ഥാനം നേടുന്നവർക്ക് : 2,000 രൂപ

ഡി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ
ഒന്നാം സ്ഥാനം നേടുന്നവർക്ക് : 3,000 രൂപ
രണ്ടാം സ്ഥാനം നേടുന്നവർക്ക് : 2,000 രൂപ
മൂന്നാം സ്ഥാനം നേടുന്നവർക്ക് : 1,000 രൂപ

18. <u>തണൽ പദ്ധതി</u>

സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ്- തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവരശേഖരണം നടത്തി ബയോമെടിക് തിരിച്ചറിയൽ കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

19. <u>അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി:</u>

അപകടം മൂലം ചുരുങ്ങിയത് ഏഴ് ദിവസത്തേക്കെങ്കിലും ചികിത്സാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപ ധനസഹായം ലഭിക്കും.

## <u>20. കോവിഡ് – 19 രണ്ടാം തരംഗം ധനസഹായം.</u>

കോവിഡ് - 19 രണ്ടാം തരംഗം മൂലം മത്സ്യതൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കും ഉണ്ടായ തൊഴിൽ നഷ്ടം മൂലമുള്ള സാമ്പത്തിക നഷ്ടം ലഘൂകരിക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ ആയ (FIMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള) മത്സ്യതൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കും 1,000/- രൂപ വീതം ഒറ്റത്തവണ ധനസഹായം അനുവദിച്ചു നൽകി.

## <u>III. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. <u>എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)</u>

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

2. <u>എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ</u>

**a. ടേം വായ്പകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് 6% നിരക്കിലും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പലിശ രഹിതമായും ടേം വായ്പകൾ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാഭ്യാസ വായ്പയും വിതരണം ചെയ്തു വരുന്നു.

**b. മൈക്രോഫിനാൻസ് വായ്പ**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി–യുടെയും എൻ.എം.ഡി.എഫ്.സി.–യുടെും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/– രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

**c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/– രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/– രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

3. **<u>ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)</u>**

മത്സ്യഫെഡ് മൈക്രോഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100/– രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

4. **<u>വലകൾക്കുള്ള സബ്സിഡി പദ്ധതി</u>**

10 എച്ച്.പി–യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് പരമാവധി 10,000/– രൂപ വരെ സബ്സിഡി നൽകി വരുന്നു.

5. **<u>മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി</u>**

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

6. **<u>നാടൻ വള്ളങ്ങളുടെ നവീകരണം</u>**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 30,000/– രൂപ വരെ സബ്സിഡി നൽകി വരുന്നു.

7. **<u>മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)</u>**

മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭ്യമാക്കുന്നുണ്ട്. 440 ബാങ്കുകളിലായി 1123 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 726 പേർക്ക് 8.24 കോടി രൂപ കെ.സി.സി വായ്പയായി വിവിധ ബാങ്കുകൾ വിതരണം ചെയ്തു കഴിഞ്ഞു.

**8. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)**

ഈ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി 100 ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിനുകൾക്ക് 5 ലക്ഷം രൂപ നൽകുന്നതിനുള്ള 5 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 60 % വായ്പയോടും 40% സബ്സിഡിയോടു കൂടി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നു വരുന്നു.

9. **കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.**

എം.പി.ഇ.ഡി.എ-യുടെ കീഴിലുള്ള നെറ്റ് ഫിഷ് (Network for Fish Quality Management and sustainable Fishing) എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് 50 ലക്ഷം രൂപയും വനിതകളുടെ 5 സ്വയം സഹായ ഗ്രൂപ്പുകൾക്ക് സോളാർ ഫിഷ് ഡ്രൈയറുകൾ നൽകുന്നതിന് 20 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കി. 90% തുക നെറ്റ് ഫിഷ് ഗ്രാൻറായി അനുവദിച്ചിട്ടുണ്ട്.

**10. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി**

മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. ലിറ്ററിന് 25/- രൂപ നിരക്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നു. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി ഈ തുക തൊഴിലാളികൾക്ക് നൽകുന്നു. 56.25 കോടി രൂപ പ്രതിവർഷം ഇതിനായി വകയിരുത്തിയിട്ടുണ്ട്. 14,000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

**11. ഫിഷ്മാർട്ടുകൾ**

പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി തീരദേശലേല സമ്പ്രദായം നടപ്പിലാക്കിയതു വഴി ഒരു പരിധിവരെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും, തീരപ്രദേശത്ത് നിന്ന് നേരിട്ടും മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും മത്സ്യം ശേഖരിക്കുന്നു. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡിന്റെ തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതിയുടെ കീഴിൽ നേരിട്ടുള്ള 50 ഫിഷ്മാർട്ടുകളും, "അന്തിപച്ച" എന്ന നാമധേയത്തിൽ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. കൂടാതെ ഫ്രാഞ്ചൈസി വ്യവസ്ഥയിൽ സർവ്വീസ് സഹകരണ സംഘങ്ങൾ നടത്തുനന 59 ഫിഷ് ബൂത്തുകളും പ്രവർത്തിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ സ്വയം സഹായ ഗ്രൂപ്പ് അംഗങ്ങളാണ് ടി ഫിഷ്മാർട്ടുകളും അന്തിപച്ച യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നത്. എറണാകുളം കൊച്ചങ്ങാടിയിലെ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാൻറിലെ വനിതാ ജീവനക്കാർ നിർമ്മിക്കുന്ന വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ പുറമേ നിന്നുള്ള വനിതകൾ ഉൾപ്പെടുന്ന സ്വയം സഹായ ഗ്രൂപ്പ് നിർമ്മിക്കുന്ന ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ട് വഴി വിപണനം ചെയ്തു വരുന്നു.

**12. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ്കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ്

വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളു.

നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് **10 ലക്ഷം രൂപയും (ആകെ പത്ത് ലക്ഷം രൂപ),** മരണാനന്തര ചടങ്ങുകൾക്കായി **2500/-രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറു രൂപ),** മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി **10000/-രൂപ (ആകെ പതിനായിരം രൂപ) (ഒരാളിന് അയ്യായിരം രൂപ വീതം)** വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിൻറെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**13. മത്സ്യത്തൊഴിലാളി ക്ഷേമനിധി**

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവമൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും "മത്സ്യത്തൊഴിലാളി ക്ഷേമനിധി" എന്ന ശീർഷകത്തിൽ ലാഭവിഹിതത്തിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകിവരുന്നു.

## IV. സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളി സ്ത്രീകളെ സാഫിന്റെ പ്രവർത്തക ഗ്രൂപ്പുകളാക്കി ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. തീരദേശത്തെ മൽസ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) എന്നീ പദ്ധതികൾ 2022-23 വർഷത്തിൽ നടപ്പിലാക്കുന്നു. 15 കോടി രൂപയുടെ ഭരണാനുമതി ഈ പദ്ധതിക്കായി നൽകിയിട്ടുണ്ട്.

1. **ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)**

മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാൻറ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. 2021-22 വർഷത്തിൽ 750 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 277 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ഇതിനായി 552.60 ലക്ഷം രൂപ ചെലവഴിച്ചു. 2022-23 വർഷത്തിൽ 800 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ 150- 300 ചെറുകിട സംരംഭങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നു. ഇതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

a) **കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme)**

മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. അച്ചീവ്മെൻറ് മോട്ടീവേഷൻ ട്രെയിനിംഗ്, മാനേജ്മെൻറ് ട്രെയിനിംഗ്, ബുക്ക് കീപ്പിംങ്ങ് & അക്കൗണ്ടിങ്ങ് ട്രെയിനിംഗ് തുടങ്ങിയവ ഇതിൽപ്പെടുന്നു. സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നതിനാവശ്യമായ സ്കിൽ ട്രെയിനിങ്ങുകൾ നൽകുന്നു. പുതിയ സാങ്കേതികവിദ്യ

ഉപയോഗിച്ചുള്ള സ്കിൽ അപ്ഗ്രേഡേഷൻ ട്രെയ്നിങ്ങുകൾ ആവശ്യമുള്ള ഗ്രൂപ്പുകൾക്ക് നൽകുന്നു. 2021-22 വർഷത്തിൽ 2633 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി പദ്ധതി ആരംഭിക്കുന്നതിനും പദ്ധതിയുടെ സുസ്ഥിരമായ നിലനില്പ്പിനുമായി നിരവധി പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായി 39.70 രൂപ ചെലവഴിച്ചു.2022-23 വർഷത്തിൽ വിവിധ തരം പരിശീലനത്തിനായി 64.8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

b) **പലിശ രഹിത ചാക്രീകമൂലധന സഹായം (Interest free Working Capital Revolving Fund)**
സാഫ് പദ്ധതിയിലൂടെ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പുകളുടെ തിരിച്ചടവിന്റെ ശേഷിയും ശരാശരി വിറ്റുവരവും കണക്കിലെടുത്ത് ഗ്രൂപ്പുകൾക്ക് 25,000 രൂപ മുതൽ 75,000 രൂപ വരെയും സൂപ്പർ മാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് ഒരു ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിതവായ്പയായി നൽകുന്നു. പഞ്ചായത്തുകൾതോറും രൂപീകരിച്ചിട്ടുള്ള തീരമൈത്രി മാനേജ്മെൻറ് കൗൺസിലുകൾ മുഖേന ടി യൂണിറ്റുകളുടെ തിരിച്ചടവ് ഉറപ്പുവരുത്തുന്നു. 2021-22 വർഷത്തിൽ 374 യൂണിറ്റുകൾക്ക് 164.05 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചു. 2022-23 വർഷത്തിൽ വർക്കിംഗ് കാപ്പിറ്റൽ റിവോൾവിംഗ് ഫണ്ടിനായി 60 ല്കഷം രൂപ വകയിരുത്തിയിട്ടുണ്ട്.

c) Solidarity fund to struggling units

കോവിഡിനുശേഷം ചെറുകിട സംരംഭങ്ങളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി Technology Improvement, Shift to Appropriate Business എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സോളിഡാരിറ്റി ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതികവിദ്യാനവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടി ചേർക്കുന്നതിനുമായി Technology Improvement ധനസഹായവും നിലവിൽ ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സംരംഭത്തിൽ നിന്ന് മറ്റൊരു സംരംഭത്തിലേക്ക് മാറുന്നതിന് Shift to Appropriate Business ധനസഹായവും നൽകുന്നു. ഒരു ഗ്രൂപ്പിന് പരമാവധി 50000/- രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റായി നൽകുന്നു. സ്ഥിരമൂലധനത്തിന്റെ 75 ശതമാനം ഗ്രാന്റായും 25 ശതമാനം ബാങ്ക് ലോണോ ഗുണഭോക്തൃ വിഹിതമായോ ആയിരിക്കും. 2021-22 വർഷത്തിൽ 200 യൂണിറ്റുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ കോവിഡ് മൂലം വരുമാനം കുറഞ്ഞ 200 യൂണിറ്റുകളെ കണ്ടെത്തി ധനസഹായം നൽകുന്നതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ**

ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ്സ് ഗ്രൂപ്പുകളായി ഉയർത്തുന്നതിന്റെ ഭാഗമായി ഗ്രൂപ്പുകൾക്ക് ബാങ്കിൽ നിന്നും 5 ലക്ഷം രൂപ വരെ ലോൺ വാങ്ങുന്നതിനായി സാഹചര്യമൊരുക്കുന്നു. ഇങ്ങനെ ലോണായി വാങ്ങുന്ന സംഖ്യയ്ക്ക് 5 % നിരക്കിൽ പലിശ സബ്സിഡി അനുവദിക്കുന്നു. 2021-22 വർഷത്തിൽ 185 യൂണിറ്റുകൾക്ക് 10 ലക്ഷം രൂപ പലിശ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ ടി പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

e)CommunityWellnessInterventions
സാഫ് നടപ്പിലാക്കുന്ന ജീവനോപാധി പദ്ധതിയുടെ ഭാഗമായി തീരദേശ ജില്ലകളിലെ

സാഫിന്റെ മത്സ്യത്തൊഴിലാളി വനിതാ ഗുണഭോക്താക്കൾക്കായി Mental Health സേവനങ്ങൾ നൽകുന്നതിനായി ഉദ്ദേശിക്കുന്നു. സാഫിന്റെ ഗുണഭോക്താക്കൾക്കിടയിൽ നടത്തിയ കൂടിക്കാഴ്ചകളുടെയും സർവ്വെകളിലൂടെയും തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗത്തേയും മാനസിക ആരോഗ്യത്തേയും പ്രകൃതിക്ഷോഭങ്ങൾ, മഹാമാരി എന്നീ സാഹചര്യങ്ങൾ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ Mental Wellness Clinic, Medical Camp മാരകരോഗങ്ങൾക്കുള്ള ചികിത്സ എന്നിവ ഈ ഘടകത്തിൽ ഉൾപ്പെടുത്തി നൽകുവാൻ ഉദ്ദേശിക്കുന്നു. 2021-22 വർഷത്തിൽ 24 ലക്ഷം രൂപയും, 2022-23 വർഷത്തിൽ ടി പദ്ധതിക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

f) **<u>സാങ്കേതിക വിദ്യാ നവീകരണ പദ്ധതി.</u>** തീരമൈത്രി പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതിക വിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്ര ഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടി ചേർക്കുന്നതിനുമായി ധനസഹായം നൽകുന്ന ഒരു ഘടകം ആണിത്. ഒരു ഗ്രൂപ്പിന് പരമാവധി 50,000/- രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റ് ആയി അനുവദിക്കുന്നു. 2020-21 വർഷത്തിൽ 211 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 75 യൂണിറ്റുകൾക്ക് technology improvement അനുവദിച്ചു. ഇതിനായി 25 ലക്ഷം രൂപ ചെലവഴിച്ചു.

## <u>1. JLG Project for Ensuring Livelihood Security of fisherwomen in Kerala</u>

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന **JLG Project for Ensuring Livelihood Security of fisherwomen in Kerala** പദ്ധതി നടപ്പിലാക്കുന്നു. തീരദേശമേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ 4660 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പവരുത്തുന്നതിനും കൊള്ളപ്പലിശക്കാരുടെ ചൂഷണം ഒരു പരിധി വരെ തടയുന്നതിനും ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. 3045 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ച് കൊണ്ട് 609 JLG കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. 304.5 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി ഉപയോഗിച്ചുവരുന്നു. 2021-22 വർഷത്തിൽ 1615 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 323 JLG യൂണിറ്റുകഴൾ ആരംഭിക്കുകയും 161.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് 100 ശതമാനം ആണ്. തിരിച്ചടവ് പൂർത്തീയാക്കുന്ന യൂണിറ്റുകൾക്ക് ടി തുക വീണ്ടും അനുവദിക്കുന്നു. 2022-23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## <u>2.ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷെൻറിങ് കിയോസ്ക്</u>

മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി Central Institute of Fisheries Technology (CIFT) മായി ചേർന്ന് മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ശീതീകരണ സംവിധാനത്തോടു കൂടിയ 20 മത്സ്യവിപണന കിയോസ്ക് വിതരണം ചെയ്യുന്നു. ഇതിനായി 16 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നും 44 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി 12.33 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു.

കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിൻറെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26

ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംങ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതിയിൽ ഒരു കിയോസ്ക് ലഭിക്കുന്നതിനായി 11900 രൂപയാണ് ഗുണഭോക്തൃ വിഹിതമായി നൽകേണ്ടത്. ആദ്യഘട്ടത്തിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 11 കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി വരുന്നു.

**3. കേരള ബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി**

COVID 19 പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രി യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ വേണ്ട Working Capital Assistance നൽകുന്നതിനും അതുവഴി sustainability ഉറപ്പുവരുത്തുന്നതിനും ദീർഘകാല വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി. Collateral security ഒന്നുംതന്നെ നൽകാതെ കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘ കാല വായ്പ ലഭ്യമാക്കുന്നത്. 3 വർഷതിരിച്ചടവ് കാലാവധിയിൽ 2 മുതൽ 5 വരെ അംഗങ്ങൾ ഉള്ള തീരമൈത്രി യൂണിറ്റുകൾക്ക് ഒരംഗത്തിനു 50000 രൂപ എന്ന കണക്കിൽ 2 ലക്ഷം രൂപ വരെ ലോൺ അനുവദിച്ചു. 2020-21 വർഷത്തിൽ 1054 ഗുണഭോക്താക്കൾ ഉൾ പ്പെടുന്ന 359 തീരമൈത്രി യൂണിറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**4. തീരമൈത്രി സീഫുഡ് റസ്റ്റോറൻറ്**

തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് പദ്ധതി പ്രകാരം 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾ ക്കൊളളിച്ചു കൊണ്ട് 9 തീരദേശ ജില്ലകളിലായി ഗുണമേൻമയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ ഉൾപ്പെടുത്തികൊണ്ട് മത്സ്യമേഖലയിലെ വനിതകളുടെ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ ആരംഭിച്ചു. ഈ പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ 45 തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 30 സീ ഫുഡ് റെസ്റ്റോറന്റുകളും (150 മത്സ്യത്തൊഴിലാളി വനിതകൾ) 2021-22 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ചവയാണ്. ഇതിനായി 150 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 5 പേരടങ്ങുന്ന ഒരു Seafood Restaurant രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ (പദ്ധതിയുടെ 75%) വരെ ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്.

**5. സ്നേഹതീരം പദ്ധതി**

തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു. തീരദേശം പ്രവർത്തന പരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ വായ്പ തിരിച്ചടവ് ഉറപ്പു വരുത്തുന്നതിനായി monitoring committee രൂപീകരിക്കുന്നു.